ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1100

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

## സൂക്തം: 29 – 36

ഏറെ കുറവുകളും അവശതകളുമുള്ള ക്ഷണിക ജീവിയാണ് താനെന്നും തനിക്കു മീതെ തന്നെ സൃഷ്ടിച്ചു പരിപാലിക്കുന്ന സർവശക്തനായ ഒരു നിത്യജീവൻ ഉണ്ടെന്നുമുള്ള ബോധവും തന്റെ ആവശ്യങ്ങളും ആവലാതികളും സർവശക്തനിൽ സമർപ്പിക്കാനുള്ള ദാഹവും മനുഷ്യ സഹജമാണ്. അല്ലാഹുവിനെ മാനിക്കാതിരിക്കുമ്പോൾ പ്രകൃതിപരമായ ഈ താൽപര്യത്തിനും അല്ലാഹുവിനുമിടയിൽ ഒരു വിടവുണ്ടാകുന്നു. ആ വിടവിലേക്ക് ചെകുത്താൻ ഇട്ടുകൊടുക്കുന്ന ചൂണ്ടകളാണ് ബഹുദൈവങ്ങൾ.

قَالُوا۟ بَل لَّمْ تَكُونُوا۟ مُؤْمِنِينَ ﴿٢٩﴾

29. അവർ പ്രതികരിക്കുന്നു: അല്ല, നിങ്ങൾ സ്വയം വിശ്വസിക്കുന്നവരായിരുന്നില്ല എന്നതത്രെ സത്യം.

وَمَا كَانَ لَنَا عَلَيْكُم مِّن سُلْطَـٰنٍۭ ۖ بَلْ كُنتُمْ قَوْمًا طَـٰغِينَ ﴿٣٠﴾

30. ഞങ്ങൾക്കു നിങ്ങളിൽ ഒരധികാരവും ഉണ്ടായിരുന്നില്ല. പക്ഷേ, നിങ്ങൾ തന്നെ ഒരു ധിക്കാരിസമൂഹമായിരുന്നു.

فَحَقَّ عَلَيْنَا قَوْلُ رَبِّنَآ ۖ إِنَّا لَذَآئِقُونَ ﴿٣١﴾

31. അങ്ങനെ വിധാതാവിന്റെ വിധി നമ്മളിൽ പുലർന്നിരിക്കുകയാകുന്നു. ആ വിധി അനുഭവിക്കേണ്ടവർ തന്നെയാണ് നമ്മൾ.

فَأَغْوَيْنَـٰكُمْ إِنَّا كُنَّا غَـٰوِينَ ﴿٣٢﴾

32. നിങ്ങൾ സന്മാർഗഭ്രംശം കാംക്ഷിച്ചപ്പോൾ ഞങ്ങൾ നിങ്ങളെ വഴിപിഴപ്പിക്കുകയായിരുന്നു. ഞങ്ങളും വഴിപിഴച്ചവരായിരുന്നു.

**29–32**

قَالُوا = അവർ പറഞ്ഞു (പ്രതികരിക്കുന്നു) بَل = അല്ല

لَّمْ تَكُونُوا مُؤْمِنِينَ = നിങ്ങൾ (സ്വയം) വിശ്വസിക്കുന്നവരായിരുന്നില്ല (എന്നതത്രെ സത്യം)

وَمَا كَانَ لَنَا عَلَيْكُم مِّن سُلْطَانٍ ۖ = ഞങ്ങൾക്ക് നിങ്ങളിൽ യാതൊരധികാരവും ഉണ്ടായിരുന്നില്ല

بَلْ = പക്ഷേ كُنتُمْ = നിങ്ങൾ (തന്നെ) ആയിരുന്നു قَوْمًا طَاغِينَ = ഒരു ധിക്കാരികളായ സമൂഹം

فَحَقَّ عَلَيْنَا = അങ്ങനെ നമ്മുടെ മേൽ സത്യമായി (പുലർന്നു)

قَوْلُ رَبِّنَا ۖ = (വിധി) നമ്മുടെ വിധാതാവിന്റെ വാക്ക് إِنَّا لَذَائِقُونَ = നമ്മൾ (ആ വിധി) അനുഭവിക്കേണ്ടവർ തന്നെയാണ്

فَأَغْوَيْنَاكُمْ = അപ്പോൾ (നിങ്ങൾ മാർഗഭ്രംശം കാംക്ഷിച്ചപ്പോൾ) ഞങ്ങൾ നിങ്ങളെ വഴിപിഴപ്പിക്കുകയായിരുന്നു

إِنَّا كُنَّا غَاوِينَ = ഞങ്ങളും വഴിപിഴച്ചവരായിരുന്നു

മേൽ പറഞ്ഞ ആക്ഷേപത്തിന് ആക്ഷിപ്തരിൽനിന്നുണ്ടാകുന്ന പ്രതികരണമാണിത്: വാസ്തവം അപ്പറയുന്നതല്ല. ഈമാൻ കൈക്കൊള്ളാൻ നിങ്ങൾ സ്വയം തയാറായിരുന്നില്ല എന്നതാണ് സത്യം. സത്യത്തിലും ധർമത്തിലും നിങ്ങൾക്ക് താൽപര്യമുണ്ടായിരുന്നില്ല. ഭൗതിക ജീവിതത്തിന്റെ നേട്ടങ്ങളിലും സുഖഭോഗങ്ങളിലുമായിരുന്നു നിങ്ങളുടെ താൽപര്യമത്രയും. ഭൗതികമാത്രമായ താൽപര്യങ്ങൾ സംരക്ഷിക്കാൻ എന്തക്രമം അനുവർത്തിക്കാനും ഏതു മഹാസത്യവും തള്ളിക്കളയാനും നിങ്ങൾ തയാറായിരുന്നു. ഈ ധിക്കാരത്തിലും ധാർഷ്ട്യത്തിലും അധിഷ്ഠിതമായിരുന്നു നിങ്ങളുടെ ദേശീയത - قومية നിങ്ങൾ സ്വയം തന്നെ ഒരു ധിക്കാരിസമൂഹം -قوم طاغون ആയിരുന്നു. നിങ്ങൾ വിശ്വസിക്കുന്നവരും സത്യധർമങ്ങൾ അംഗീകരിക്കുന്നവരുമായിരുന്നുവെങ്കിൽ അതിൽനിന്ന് നിങ്ങളെ വഴിതെറ്റിക്കാനുള്ള അധികാരമോ ശക്തിയോ നിങ്ങളുടെ മേൽ ഞങ്ങൾക്കുണ്ടായിരുന്നില്ല. വാസ്തവത്തിൽ ഞങ്ങൾ തന്നെ വഴിപിഴച്ച മൂഢന്മാർ -غاوون - ആയിരുന്നു. അതിന്റെ ഭാഗമായി ഞങ്ങൾ നിങ്ങളെയും മൂഢന്മാരാക്കി വഴിപിഴപ്പിച്ചു. നമ്മളിലെല്ലാവരിലും നമ്മുടെ വിധാതാവിന്റെ വിധി പുലർന്നിരിക്കുകയാണിപ്പോൾ. ഇനി ആ വിധി അനുഭവിക്കുകയല്ലാതെ നമുക്ക് ഗത്യന്തരമില്ല.

ഈ വചനങ്ങൾ പഠിപ്പിക്കുന്ന സുപ്രധാനമായ പാഠം ഇതാണ്: നമ്മൾ ചെയ്യുന്ന ഏതു കുറ്റത്തിന്റെയും കാരണം മറ്റുള്ളവരുടെ പ്രേരണയും പ്രലോഭനവും നിർബന്ധവുമാണെന്നു വാദിക്കാം. പലപ്പോഴും ഈ വാദം ശരിയുമായിരിക്കും. അങ്ങനെ സ്വന്തം കുറ്റത്തിന്റെ ഉത്തരവാദിത്വം മുഴുവൻ മറ്റുള്ളവരിൽ ചുമത്തി നാം രക്ഷപ്പെടുന്നു. പക്ഷേ, പരലോകത്ത് ഈ തന്ത്രം ഫലിക്കുകയില്ല. അവിടെ വിശ്വാസപരവും കർമപരവുമായ ഓരോ കുറ്റത്തിന്റെയും ഉത്തരവാദിത്വം അതു ചെയ്യുന്നവരിൽ തന്നെയാണ്. ഓരോ മനുഷ്യമനസ്സിലും അല്ലാഹു മൗലികമായ ധർമബോധം -തഖ്വ- നിക്ഷേപിച്ചിട്ടുണ്ട്. മനുഷ്യൻ ജഡികാസക്തികൾക്കടിപ്പെടുമ്പോൾ ഈ ധർമബോധം നിസ്തേജമാകുന്നു. ഈ അവസ്ഥയെയാണ് لَّمْ تَكُونُوا مُؤْمِنِينَ എന്ന വാക്യം സൂചിപ്പിക്കുന്നത്. ചെകുത്താന്നും അവന്റെ കിങ്കരന്മാർക്കും മനുഷ്യനെ വഴിപിഴപ്പിക്കാൻ അനായാസം സാധ്യമാകുന്ന സാഹചര്യമാണിത്. പ്രകൃതിദത്തമായ ധർമബോധം എത്രത്തോളം സംരക്ഷിച്ചു വളർത്തുന്നുവോ അത്രത്തോളം അയാൾ ചെകുത്താന്മാർക്കു അപ്രാപ്യനാകുന്നു. ധർമബോധം കാത്തുസൂക്ഷിക്കാത്തവരെ അവർക്ക് എളുപ്പം സ്വാധീനിക്കാനും അവരുടെ മാർഗത്തിലൂടെ നയിക്കാനും കഴിയും. ആ അവസ്ഥയെയാണ് كُنتُمْ طَاغِينَ എന്ന വാക്യത്തിലൂടെ സൂചിപ്പിക്കുന്നത്. ചെകുത്താനായാലും അനഭിമതരായ മനുഷ്യരായാലും നമ്മെ വഴിതെറ്റിക്കുന്നത് നാം അവർക്ക് വഴിതെറ്റിക്കാൻ സ്വയം പാകപ്പെടുമ്പോഴാണ്. നമ്മെ വഴിതെറ്റിക്കുന്ന മറ്റുള്ളവരും നമ്മെപ്പോലെ മറ്റുള്ളവരാൽ വഴിതെറ്റിക്കപ്പെട്ടവരാണ്. അക്രമികളാണെങ്കിൽ നമ്മളും മറ്റുള്ളവരെ നമ്മുടെ പാതയിലേക്ക് പ്രേരിപ്പിച്ചുകൊണ്ടിരിക്കും. പരപ്രേരണ ശിക്ഷാമുക്തിക്കുള്ള ന്യായമാകുമെങ്കിൽ ഒരു കുറ്റവാളിയും ശിക്ഷാർഹനാവുകയില്ല. അവരവർ ചെയ്യുന്ന പാപങ്ങളുടെ ഭാരം അവരവർ തന്നെ വഹിക്കേണ്ടതുണ്ട്. തങ്ങളുടെ പാപത്തിനു പിന്നിൽ പരപ്രേരണയുണ്ടായിരുന്നുവെന്നതിനാൽ ആ ഭാരം പങ്കുവെക്കപ്പെടുകയില്ല. وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ (ഭാരം വഹിക്കുന്നവരാരും അപരന്റെ ഭാരം വഹിക്കുകയില്ല). മറ്റുള്ളവരെ കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്നത് തീർച്ചയായും കുറ്റകരമാണ്. പ്രേരണാ കുറ്റത്തിന്റെ ഭാരവും അവർ ചുമക്കേണ്ടി വരും. അതേപ്പറ്റി ഖുർആൻ പറഞ്ഞു: وَلَيَحْمِلُنَّ أَثْقَالَهُمْ وَأَثْقَالًا مَّعَ أَثْقَالِهِمْ (അവരുടെ സ്വന്തം പാപഭാരങ്ങളും ഒപ്പം മറ്റുള്ളവരെ പ്രേരിപ്പിച്ച പാപഭാരവും അവർ പേറുക തന്നെ ചെയ്യും). ■

فَإِنَّهُمْ يَوْمَئِذٍ فِي الْعَذَابِ مُشْتَرِكُونَ ﴿٣٣﴾

33. ആകയാൽ അവരൊക്കെയും ഇന്ന് ശിക്ഷയിൽ പങ്കാളികളാകുന്നു.

إِنَّا كَذَٰلِكَ نَفْعَلُ بِالْمُجْرِمِينَ ﴿٣٤﴾

34. ഈ വിധം തന്നെയാണ് കുറ്റവാളികളോടുള്ള നമ്മുടെ നടപടി.

**33,34**

فَإِنَّهُمْ = ആകയാൽ അവർ (ഒക്കെയും) يَوْمَئِذٍ فِي الْعَذَابِ = ഇന്ന് ശിക്ഷയിൽ مُشْتَرِكُونَ = പങ്കാളികളാകുന്നു
إِنَّا كَذَٰلِكَ = നാം ഈ വിധം (തന്നെയാണ്) نَفْعَلُ = നാം ചെയ്യുന്നു (നമ്മുടെ നടപടി)
بِالْمُجْرِمِينَ = കുറ്റവാളിക(ളോടുള്ള)ളെക്കൊണ്ട്

തങ്ങൾ സന്മാർഗത്തിൽനിന്ന് വ്യതിചലിച്ചവരും വ്യതിചലിപ്പിക്കുന്നവരുമായിരുന്നുവെന്ന് സ്വയം ഏറ്റുപറഞ്ഞതിനാൽ അവരെല്ലാവരും അതിന്റെ ശിക്ഷ ഒന്നിച്ചനുഭവിക്കേണ്ടിവരുന്നു. തങ്ങൾ നേതാക്കളാൽ, ആചാര്യന്മാരാൽ അല്ലെങ്കിൽ ബന്ധുമിത്രാദികളാലും കൂട്ടുകാരാലും വഴിപിഴപ്പിക്കപ്പെട്ടതാണ് എന്ന വാദം അവരുടെ കുറ്റങ്ങൾ പിഴപ്പിച്ചവരിൽ ചുമത്താനുള്ള ന്യായമായി സ്വീകരിക്കപ്പെടുകയില്ല. ഓരോ മനുഷ്യനും ചെയ്ത കുറ്റത്തിന്റെ ശിക്ഷ പൂർണമായും അയാൾ തന്നെ അനുഭവിക്കേണ്ടതുണ്ട്. ശിക്ഷയിൽ പങ്കാളികൾ- مُشْتَرِكُونَ ആവുകയെന്നാൽ ഒരാളുടെ ശിക്ഷ എല്ലാവരും പങ്കിട്ടനുഭവിക്കുകയല്ല. ഒരു കുറ്റം ചെയ്ത എല്ലാവരും ഒരേ ശിക്ഷ അനുഭവിക്കുകയാണ്. ഒരേ രീതിയിൽ

മോഷണം നടത്തിയ രണ്ടാളുകൾ. അതിലൊരാളുടെ പ്രേരണക്കു വഴങ്ങിയാണ് മറ്റേയാൾ മോഷണം നടത്തിയത്. എന്നാലും രണ്ടു പേർക്കും ഒരേ ശിക്ഷയായിരിക്കും. കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്നത് മറ്റൊരു കുറ്റമാണ്. ആ കുറ്റം ചെയ്തവർക്ക് അതിന്റെ ശിക്ഷ വേറെയും ലഭിക്കും. അതു പക്ഷേ, അയാളുടെ പ്രേരണക്കു വഴങ്ങി കുറ്റം ചെയ്തവരുടെ ശിക്ഷയിൽ ഒരു കുറവും വരുത്തുകയില്ല.

ഇതാണ് കുറ്റവാളികൾക്ക് ശിക്ഷ നൽകുന്നതിൽ അല്ലാഹു സ്വീകരിച്ചിട്ടുള്ള നടപടിക്രമം. ഈ സമീപനവും നടപടിക്രമവും ആരുടെ കാര്യത്തിലും നിർത്തിവെക്കുകയോ മാറ്റിമറിക്കുകയോ ചെയ്യുന്നതല്ല. ഇതാണ് إِنَّا ..... بِالْمُجْرِمِينَ -ന്റെ താൽപര്യം. ■

إِنَّهُمْ كَانُوٓا۟ إِذَا قِيلَ لَهُمْ لَآ إِلَٰهَ إِلَّا ٱللَّهُ يَسْتَكْبِرُونَ ﴿٣٥﴾

35. അല്ലാഹുവല്ലാതെ ദൈവമേതുമില്ലെന്ന് ഉപദേശിക്കപ്പെട്ടാൽ അഹങ്കാരവിജ്രംഭിതരാവുകയായിരുന്നു അവരുടെ സ്വഭാവം.

وَيَقُولُونَ أَئِنَّا لَتَارِكُوٓا۟ ءَالِهَتِنَا لِشَاعِرٍ مَّجْنُونٍ ﴿٣٦﴾

36. ഒരു ഭ്രാന്തൻ കവിക്കു വേണ്ടി നമ്മുടെ ദൈവങ്ങളെ തള്ളിക്കളയുന്നവരാണെന്നോ ഞങ്ങൾ എന്നു ഭർത്സിക്കുകയും ചെയ്യുന്നു.

**35,36**

إِنَّهُمْ = അവർ (വരുടെ സ്വഭാവം) كَانُوا = അവർ ആയിരുന്നു

إِذَا قِيلَ لَهُمْ = അവരോടു പറയപ്പെട്ടാൽ (ഉപദേശിക്കപ്പെട്ടാൽ)

لَا إِلَٰهَ إِلَّا اللَّهُ = അല്ലാഹുവല്ലാതെ ദൈവം ഏതും ഇല്ല എന്ന്

يَسْتَكْبِرُونَ = അവർ അഹങ്കരിക്കുന്നു (അഹങ്കാരവിജ്രംഭിതരാവുക)

وَيَقُولُونَ = അവർ പറയു(ഭർത്സിക്കു)കയും ചെയ്യുന്നു أَئِنَّا لَتَارِكُو = ഞങ്ങൾ തള്ളിക്കളയുന്നവരാണെന്നോ

آلِهَتِنَا= ഞങ്ങളുടെ ദൈവങ്ങളെ لِشَاعِرٍ = ഒരു കവിക്കു വേണ്ടി مَّجْنُونٍ = ഭ്രാന്തനായ

ഇപ്പോൾ കുറ്റങ്ങളെല്ലാം ഏറ്റുപറഞ്ഞ് തികഞ്ഞ അവശരും നിസ്സഹായരുമായി അല്ലാഹുവിന്റെ മുമ്പിൽ കീഴടങ്ങി സർവതും അവനിൽ സമർപ്പിക്കുന്ന കുറ്റവാളികൾ ഭൗതിക ജീവിതത്തിൽ അനുവർത്തിച്ചിരുന്ന ധിക്കാരവും ധാർഷ്ട്യവും ഓർമിപ്പിക്കുകയാണ്. ധാർമികവും സംസ്കൃതവുമായ ജീവിതത്തിന്റെ അസ്തിവാരമാണ് 'ലാ ഇലാഹ ഇല്ലല്ലാഹ്.' സാക്ഷാൽ ദൈവം ഏകനാണെന്നും അവന്റെ കൂടെ സഹദൈവങ്ങളോ ഉപദൈവങ്ങളോ ഇല്ലെന്നും ആരാധിക്കപ്പെടാനും ഭക്തിയും കൂറും അർപ്പിക്കപ്പെടാനും ആത്യന്തികമായി അനുസരിക്കപ്പെടാനും അർഹൻ അവൻ മാത്രമാണെന്നും ഉള്ള വിശ്വാസം. ഈ മൗലിക യാഥാർഥ്യം നിഷേധിക്കുന്നവർ സാക്ഷാൽ ദൈവത്തെ വെടിഞ്ഞ് കൃത്രിമ ദൈവങ്ങളെ വരിക്കുകയും അവരുടെ പേരിൽ തങ്ങളുടെ ആസക്തികൾക്കനുഗുണമായ ജീവിത തത്വങ്ങളും നിയമങ്ങളുമുണ്ടാക്കി ചരിക്കുകയും ചെയ്യുന്നു.

ഈ ആചാരങ്ങൾ എത്ര നീചവും നികൃഷ്ടവുമാണെങ്കിലും ദൈവങ്ങളുടെയും പൂർവ പാരമ്പര്യത്തിന്റെയും പേരിൽ പ്രചരിപ്പിക്കപ്പെടുന്നതിനാൽ പാമര ജനം സാദരം കൈക്കൊള്ളുന്നു. ഉദാഹരണമായി ഇന്ത്യയിൽ നിലനിന്നുവരുന്ന മനുഷ്യത്വവിരുദ്ധവും നീതിവിരുദ്ധവും അധാർമികവുമായ ജാതിവിവേചനം നോക്കുക. ചാതുർവർണ്യം ദൈവസൃഷ്ടം എന്നാണ് പ്രമാണം. അതുകൊണ്ടുതന്നെ നീചമായ ഈ വിവേചനത്തിന് ഇരകളാകുന്ന അയ്ത്ത ജാതികളും, മേൽജാതിക്കാർ തങ്ങൾക്കേർപ്പെടുത്തിയ അധമത്വവും അയ്ത്തവും അവകാശനിഷേധവുമെല്ലാം തങ്ങൾക്കു ദൈവം വിധിച്ചത് എന്ന നിലയിൽ നിരാക്ഷേപം സ്വീകരിക്കുന്നു. ഈ ദുരാചാരത്തെ സാമൂഹിക-രാഷ്ട്രീയ സംവിധാനമാക്കി ശക്തിപ്പെടുത്താനുള്ള തൽപര കക്ഷികളുടെ പദ്ധതി വിജയിപ്പിക്കുന്നതിനു വേണ്ടി കൊന്നും ചത്തും പോരാടുന്നവരിലേറെയും അതിന്റെ അനീതിക്കും അക്രമത്തിനും അവഹേളനത്തിനും ഇരകളാകുന്ന കീഴ്ജാതികളാണെന്നും കാണാം. ഈ മാർഗഭ്രംശത്തിലകപ്പെട്ടവരെ വീണ്ടെടുക്കാനാണ് എക്കാലത്തും ദൈവദൂതന്മാരും സത്യപ്രബോധകരും 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന മൗലിക തത്ത്വം പ്രബോധനം ചെയ്തുകൊണ്ടിരുന്നത്. ദൈവത്തിനു പങ്കാളികളില്ല എന്ന ആശയത്തിൽ പരിമിതമല്ല ഈ തത്ത്വം. ശരിയായ മാനുഷിക ജീവിതക്രമത്തിന്റെ താക്കോലാണത്. ആ താക്കോലുപയോഗിച്ചു വേണം സകല പ്രാപഞ്ചിക സത്യങ്ങളിലേക്കും കടന്നുചെല്ലാൻ. മനുഷ്യൻ മനുഷ്യന്റെയോ മറ്റു സൃഷ്ടികളുടെയോ യജമാനനല്ല, അടിമയുമല്ല; അല്ലാഹുവിന്റെ മാത്രം അടിമയാകുന്നു, അവനെ മാത്രം ആരാധിക്കേണ്ടവനാകുന്നു, അവന്റെ ശാസനകൾ അനുസരിക്കേണ്ടവനാകുന്നു എന്നതാണ് അതിന്റെ മുഖ്യ ആശയം. ഈ ആശയം അംഗീകരിക്കുന്നവർ കൃത്രിമ ദൈവങ്ങളിൽനിന്നും അവയുടെ മറവിൽ ഏർപ്പെടുത്തിയ ആചാരങ്ങളിൽനിന്നും മുക്തരാകേണ്ടതുണ്ട്. അത് ബഹുദൈവത്വത്തിന്റെ

പ്രചാരകരുടെയും നേതാക്കളുടെയും സങ്കുചിത ഭൗതിക താൽപര്യങ്ങൾക്കെതിരാകുന്നു. തങ്ങളുടെ വരേണ്യതയും വൈശിഷ്ട്യവും സ്വയം നിഷേധിക്കുന്നതിനു തുല്യമാണ് ആരാധനക്കർഹൻ അല്ലാഹു മാത്രമേയുള്ളൂ എന്ന് സമ്മതിക്കുന്നത്. ബഹുദൈവങ്ങളും അവയുടെ മറവിൽ രൂപം കൊണ്ട ദുരാചാരങ്ങളും നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള മഹാ സംസ്കാരവും ദേശീയതയുടെ വിശിഷ്ട ചിഹ്നങ്ങളുമായി സാഭിമാനം കൊണ്ടാടുകയും അഹങ്കരിക്കുകയും ചെയ്യുന്നവരാണവർ.

ആ ദൈവങ്ങളും ആചാരങ്ങളും മിഥ്യയാണെന്നും ദൈവം ഏകനാണെന്നും അവനെ മാത്രമേ ആരാധിക്കാവൂ എന്നും ഉപദേശിക്കപ്പെട്ടാൽ അവരുടെ ദുരഹങ്കാരം വിജ്രംഭിതമാകും. يَسْتَكْبِرُونَ എന്നാണ് മൂലവാക്ക്. كِبْر-ന്റെ അത്യുക്തിയാണ് استكبار. കൊടിയ അഹങ്കാരമെന്നും അഹങ്കാരപ്രകടനമെന്നും ഈ വാക്കിനർഥമുണ്ട്. ഈ സന്ദർഭത്തിൽ രണ്ടർഥവും ഉദ്ദേശ്യമാകുന്നു. ആ ദുർമതം സ്വീകരിക്കാത്തവരെ അവർ തികഞ്ഞ അഹന്തയോടെ ഭർത്സിക്കുകയും ചെയ്യും. ഹും, ഒരു ഭ്രാന്തൻ കവിക്കു വേണ്ടി ഞങ്ങൾ ഞങ്ങളുടെ ദൈവങ്ങളെയെല്ലാം തള്ളിക്കളയണമത്രെ! അത്രക്ക് ദേശീയബോധമില്ലാത്ത അധമരാണെന്നോ ഞങ്ങൾ? ഞങ്ങൾ തള്ളിക്കളയുകയോ أَئِنَّا لَتَارِكُو آلِهَتِنَا-തള്ളിക്കളയുന്നവർ തന്നെയോ ഞങ്ങൾ എന്നു പറഞ്ഞതിൽ അല്ലാഹു മാത്രമേ ദൈവമുള്ളൂ എന്ന പ്രബോധനം അംഗീകരിക്കുന്നത് തങ്ങളുടെ അന്തസ്സിനും അഭിമാനത്തിനും കുറച്ചിലാണ് എന്ന ധ്വനിയാണ് മുഴച്ചുനിൽക്കുന്നത്. شَاعِرٍ مَّجْنُونٍ ഭ്രാന്തനായ കവിയാണ്. ഭ്രാന്തനോ കവിയോ എന്നതുമാവാം താൽപര്യം. ഖുറൈശികൾ സാധാരണ ഭ്രാന്തനായ കവി എന്നല്ല മുഹമ്മദ് നബി(സ)യെ ആക്ഷേപിച്ചിരുന്നത്. ചിലർ ഭ്രാന്തനെന്ന് ആക്ഷേപിച്ചപ്പോൾ മറ്റു ചിലർ കവി എന്നാക്ഷേപിക്കുകയായിരുന്നു. ചിലർ ആഭിചാരകനെന്ന് ആക്ഷേപിച്ചു. ചിലരുടെ ദൃഷ്ടിയിൽ അദ്ദേഹം പെരുങ്കള്ളനായിരുന്നു. വാസ്തവത്തിൽ അദ്ദേഹത്തെ തോൽപിക്കാൻ എന്താക്ഷേപമാണ് ഉന്നയിക്കേണ്ടതെന്ന് അവർക്കറിയില്ലായിരുന്നു. ഓരോരുത്തരും അവരുടെ ഭാവനാ വിലാസം പോലെ ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു. ഇക്കാലത്തെ പ്രവാചക വിരോധികളുടെയും അവസ്ഥ അതുതന്നെയാണ്. മുഹമ്മദ് (സ) ദൈവദൂതനോ സത്യപ്രവാചകനോ അല്ല എന്ന് സ്ഥാപിക്കുകയാണവരുടെ ആവശ്യം. അതിനുവേണ്ടി എന്തും പറയാം. എല്ലാ പ്രവാചകന്മാർക്കും അവരുടെ ധിക്കാരികളായ പ്രബോധിതരിൽനിന്ന് ഇത്തരം ആക്ഷേപങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്.

كَذَٰلِكَ مَا أَتَى الَّذِينَ مِن قَبْلِهِم مِّن رَّسُولٍ إِلَّا قَالُوا سَاحِرٌ أَوْ مَجْنُونٌ

(ഇവർക്കു മുമ്പ് ആഗതരായിട്ടുള്ള ഒരു പ്രവാചകനെയും ജനം ഈ വിധം മാന്ത്രികനെന്നോ അല്ലെങ്കിൽ ഭ്രാന്തനെന്നോ ആക്ഷേപിക്കാതിരുന്നിട്ടില്ല).

വിഗ്രഹങ്ങളും ദൈവങ്ങളും യഥാർഥ സ്രഷ്ടാക്കളും പരിപാലകരുമല്ലെന്നും രക്ഷകനും ശിക്ഷകനും സാക്ഷാൽ ദൈവവും- അല്ലാഹു മാത്രമാണെന്നും അടിസ്ഥാനപരമായി വിഗ്രഹാരാധകർക്കറിയാം. അക്കാര്യം ഖുർആൻ പലവട്ടം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഉദാ: 29:61,63, 31:25, 39:38, 43:9 സൂക്തങ്ങൾ. പക്ഷേ, അല്ലാഹുവിനെ മാനിക്കേണ്ട വിധം മാനിക്കാൻ അവർ തയാറാകുന്നില്ല. وما قدروا الله حق قدره. അതിനു കാരണം ജഡികാസക്തികളാവാം, മറ്റു ഭൗതിക താൽപര്യങ്ങളാകാം. മൗലികമായ ദൈവബോധം മനുഷ്യമനസ്സിൽ പ്രകൃത്യാ ഉള്ളതാണ്. ഏറെ കുറവുകളും അവശതകളുമുള്ള ക്ഷണിക ജീവിയാണ് താനെന്നും തനിക്കു മീതെ തന്നെ സൃഷ്ടിച്ചു പരിപാലിക്കുന്ന സർവശക്തനായ ഒരു നിത്യജീവൻ ഉണ്ടെന്നുമുള്ള ബോധവും തന്റെ ആവശ്യങ്ങളും ആവലാതികളും സർവശക്തനിൽ സമർപ്പിക്കാനുള്ള ദാഹവും മനുഷ്യ സഹജമാണ്. അല്ലാഹുവിനെ മാനിക്കാതിരിക്കുമ്പോൾ പ്രകൃതിപരമായ ഈ താൽപര്യത്തിനും അല്ലാഹുവിനുമിടയിൽ ഒരു വിടവുണ്ടാകുന്നു. ആ വിടവിലേക്ക് ചെകുത്താൻ ഇട്ടുകൊടുക്കുന്ന ചൂണ്ടകളാണ് ബഹുദൈവങ്ങൾ. അവരോടുള്ള ബഹുമാനവും ആരാധനയും ക്രമേണ അവരാണ് തങ്ങളുടെ രക്ഷകരും ശിക്ഷകരും എന്ന ഭ്രമത്തിലേക്കു വളരുന്നു. ഈ അവസ്ഥയിലെത്തിയവർ സ്വാഭാവികമായും അല്ലാഹുവിൽ വിമുഖരാവുന്നു. അവനെക്കുറിച്ച് പറയുന്നതും കേൾക്കുന്നതും അവർക്ക് അരോചകമാകുന്നു. 17:46-ൽ ഇതേപ്പറ്റി പറയുന്നു:

وَإِذَا ذَكَرْتَ رَبَّكَ فِي الْقُرْآنِ وَحْدَهُ وَلَّوْا عَلَىٰ أَدْبَارِهِمْ نُفُورًا

(നീ ഈ ഖുർആനിൽ ഏകനായ വിധാതാവിനെ കുറിച്ച് പറയുമ്പോൾ അവർ നീരസത്തോടെ പിന്തിരിഞ്ഞ് അകന്നുപോകുന്നു).

وَإِذَا ذُكِرَ اللَّهُ وَحْدَهُ اشْمَأَزَّتْ قُلُوبُ الَّذِينَ لَا يُؤْمِنُونَ بِالْآخِرَةِ ۖ وَإِذَا ذُكِرَ الَّذِينَ مِن دُونِهِ إِذَا هُمْ يَسْتَبْشِرُونَ ﴿٤٥﴾

(ഏകനായ അല്ലാഹുവിനെ കുറിച്ച് പറയുമ്പോൾ പരലോക വിശ്വാസമില്ലാത്തവർക്ക് മനം പിരട്ടുകയായി. അവനല്ലാത്തവരെക്കുറിച്ച് പറഞ്ഞാലോ അവരതാ സന്തുഷ്ടരാകുന്നു - 39:45).

തൗഹീദിൽ ദൃഢമായി വിശ്വസിക്കുന്നവർക്ക് അല്ലാഹുവിനെക്കുറിച്ച് പറയുന്നതു കേട്ടാൽ ഹൃദയം ഭയഭക്തിയാൽ പ്രകമ്പിതമാവുകയാണ് ചെയ്യുക.

إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللَّهُ وَجِلَتْ قُلُوبُهُمْ(അല്ലാഹുവിനെ പറയപ്പെട്ടാൽ ഹൃദയം പ്രകമ്പിതമാകുന്നവരാണ് യഥാർഥ വിശ്വാസികൾ - 8:3). തൗഹീദിലുള്ള വിശ്വാസം നാമമാത്രമായവർ അല്ലാഹുവിനെപ്പോലെയോ അതിലേറെയോ അമ്പിയാ-ഔലിയാക്കളെയും മറ്റു പുണ്യാത്മാക്കളെയും വാഴ്ത്തുകയും അവർക്കുവേണ്ടി നേർച്ച-വഴിപാടുകൾ നേരുകയും ചെയ്യുന്നു. ഇത്തരം ആരാധനകൾ അല്ലാഹുവിനുവേണ്ടി മാത്രമേ പാടുള്ളൂ എന്നു പറഞ്ഞാൽ അവർ കോപിഷ്ഠരാകും. അതു പറയുന്നവരെ പൂർവ പുണ്യാത്മാക്കളെ നിന്ദിക്കുന്ന മുബ്തദിഉകളെന്ന് ആക്ഷേപിക്കുകയും ചെയ്യും. ■